അനധികൃത മരം മുറിക്കൽ തടയുന്നതിന് വീഴ്ച വരുത്തിയ വർക്കെതിരെ നടപടി

50(1007)ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽപ്പെട്ട ബ്രഹ്മഗിരി എസ്റ്റേറ്റിലെ നിക്ഷിപ്ത വന ഭൂമിയിൽ നിന്നും വീട്ടി, തേക്ക് മുതലായ മരങ്ങൾ മുറിച്ചുമാറ്റിയതിന് ഉത്തരവാദികളായ ഫോറസ്റ്റ് ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് അന്വേഷണം നടത്തണമെന്ന ഹൈക്കോടതി വിധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്തരവിന്റെ തീയതി വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിധി നടപ്പാക്കാത്തതിന്റെ പേരിൽ സർക്കാരിനെതിരെ ഹൈക്കോടതി മുമ്പാകെ ആരെങ്കിലും കോടതി അലക്ഷ്യക്കേസ് ഫയൽ ചെയ്തിട്ടുണ്ടോ;

(ഡി) പ്രസ്തുത കേസിൽ ഗവണ്മെന്റ് നൽകിയ സത്യവാങ്മൂലം എന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) ഹൈക്കോടതി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് എൻക്വയറി നടത്തണമെന്ന് ഉത്തരവിട്ടിരുന്നുവോ; എങ്കിൽ ഉത്തരവിന്റെ തീയതി വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത കേസിൽ വിജിലൻസ് അന്വേഷണം എന്നാണ് ആരംഭിച്ചതെന്നും ഇപ്പോൾ അന്വേഷണം ഏത് ഘട്ടത്തിലാണെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ)-(സി) വിജിലൻസ് അന്വേഷണം നടത്തണമെന്നുള്ള ഹൈക്കോടതി വിധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉത്തരം എ,ബി,സി യുടെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

(ഇ) ഉത്തരവായിട്ടില്ല.

(എഫ്) കോടതിവിധിയിൽ വിജിലൻസ് അന്വേഷണം നടത്തണമെന്ന് പറഞ്ഞിട്ടില്ലെങ്കിലും സർക്കാർ 9.4.99 ൽ വിജിലൻസ് അന്വേഷണത്തിന് ഉത്തരവിടുകയുണ്ടായി. അന്വേഷണം പുരോഗമിച്ചു വരുന്നു.

കോടനാട് റെയിഞ്ചിൽ നിന്നും അനധികൃതമായി മരം മുറിച്ച സംഭവം

51 (1008)ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ മലയാറ്റൂർ ഡിവിഷനിലെ കോടനാട് റെയിഞ്ചിൽ നിന്നും അനധികൃതമായി 1548 കുമ്പിൾ മരങ്ങൾ മുറിച്ച് കടത്തിക്കൊണ്ടു പോയ കേസിൽ ഏതെങ്കിലും ഉദ്യോഗസ്ഥന്റെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പ്ലാന്റേഷനിൽ നിന്നും എത്ര കുമ്പിൾ മരങ്ങൾ മുറിച്ചു കൊണ്ടു പോകുന്നതിനാണ് ഹിന്ദുസ്ഥാൻ ന്യൂസ് പ്ലാന്റ് ഫാക്ടറിക്ക് അനുമതി നൽകിയിരുന്നത്;

(സി) അനധികൃതമായി 1548 മരങ്ങൾ മുറിച്ച് കടത്തിയതുമൂലം സർക്കാരിന് എന്തു നഷ്ടം സംഭവിച്ചിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) പ്രസ്തുത കേസ്സുമായി ബന്ധപ്പെട്ട് വകുപ്പ് തലത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ വകുപ്പിലെ വിജിലൻസ് വിഭാഗം എന്നാണ് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് അന്വേഷണ റിപ്പോർട്ട് നൽകിയത്;

(എഫ്) ഇതിന്റെ അടിസ്ഥാനത്തിൽ പ്രിൻസിപ്പൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ;

(ജി) ഇത്തരം പ്രധാനപ്പെട്ട കേസ്സുകളിൽ യഥാസമയം സർക്കാരിന് റിപ്പോർട്ട് നൽകുന്നതിന് കർശനമായ നിർദ്ദേശം നൽകുമോ;

(എച്ച്) അനധികൃതമായി മരങ്ങൾ മുറിച്ചതു മൂലം 1548 കുമ്പിൾ മരങ്ങൾ സർക്കാർ ഖജനാവിന് നഷ്ടം വരുത്തിയ ഫീൽഡ് ജീവനക്കാരുടെ പേരിൽ ശിക്ഷണ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഏഴ് ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) പരീക്ഷണത്തിനായി 500 മെ.ടൺ കുമ്പിൾ തടിയ്ക്കാണ് അനുമതി നൽകിയിരുന്നത്.

(സി) മെ. ഹിന്ദുസ്ഥാൻ ന്യൂസ് പ്ളാന്റ്കമ്പനിക്ക് അവരുടെ അപേക്ഷപ്രകാരം ഫാക്ടറി പരീക്ഷണത്തിനായി 500 മെ.ടൺ കുമ്പിൾ തടി അലോട്ടു ചെയ്തിരുന്നു. ടി 500 മെ.ടൺ കുമ്പിൾ തടി ശേഖരിക്കുന്നതിനു വേണ്ടി 1548 കുമ്പിൾ മരങ്ങൾ മുറിച്ചിട്ടുണ്ട്. ഈ 500 മെ.ടൺ തടി ഫാക്ടറിയിലേക്ക് കൊണ്ടു പോകുന്ന അവസരത്തിൽ 38.998 മെ.ടൺ കുമ്പിൾ തടി നഷ്ടപ്പെട്ടതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ സീനിയറേജ് വില ക്യൂ.മീറ്ററിന് 5250/- രൂപ പ്രകാരം ഏകദേശം 409479/- (നാലുലക്ഷത്തി ഒൻപതിനായിരത്തി നാനൂറ്റി എഴുപത്തി ഒൻപതു രൂപ) യാണെന്ന് കണക്കാക്കിയിട്ടുണ്ട്,(1 മെ.ടൺ = 2 ക്യൂ.മീറ്റർ)

(ഡി) ഉണ്ട്.

(ഇ) വി.ഇ.1-1715/99 പ്രകാരം പ്രാഥമിക അന്വേഷണ റിപ്പോർട്ട് 28.5.99-ലും വിശദമായ റിപ്പോർട്ട് 29.1.2000-ലും വിജിലൻസ് ഫോറസ്റ്റ് കൺസർവേറ്റർ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് നൽകി.

(എഫ്) ഉണ്ട്.

(ജി) യഥാസമയം റിപ്പോർട്ടുകൾ നൽകണമെന്ന നിർദ്ദേശം ഇപ്പോൾ തന്നെ നിലവിലുണ്ട്.

(എച്ച്) ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചകൾക്ക് ശിക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly